എ.വൈ.ആർ

സൂറഃ-9

# അത്തൗബ

**69.** നിങ്ങൾക്കു മുമ്പുണ്ടായിരുന്ന ചില സമുദായങ്ങളെപ്പോലെതന്നെയാണ് നിങ്ങളും. അവർ ശക്തിയിൽ നിങ്ങളെക്കാൾ കൊടിയവരും സമ്പത്തിനാലും സന്തതികളാലും പെരുത്തവരുമായിരുന്നു. ഈ ലോകത്ത് അവർ സ്വന്തം വിഹിതമായ സുഖമനുഭവിച്ചു. നിങ്ങളുടെ വിഹിതമായ സുഖം നിങ്ങളും അനുഭവിച്ചു- പൂർവികർ അവരുടെ വിഹിതം അനുഭവിച്ചതുപോലെ. അവരേർപ്പെട്ടിരുന്നതുപോലെ നിങ്ങളും വിടുവർത്തമാനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. അത്തരക്കാർ ഇഹത്തിലും പരത്തിലും കർമങ്ങളൊക്കെയും നശിച്ചുപോയവരത്രെ. അവർതന്നെയാകുന്നു യഥാർഥത്തിൽ എല്ലാം നഷ്ടപ്പെട്ടവർ.

**70.** ഇക്കൂട്ടർ അവരുടെ പൂർവികരുടെ കഥകൾ അറിഞ്ഞിട്ടില്ലയോ? നൂഹിന്റെ നജതയുടെയും ആദ്-സമൂദ് വർഗങ്ങളുടെയും ഇബ്റാഹീമിന്റെ ജനതയുടെയും മദ്യൻ വാസികളുടെയും കീഴ്മേൽ മറിക്കപ്പെട്ട ദേശങ്ങളുടെയും കഥകൾ? ദൈവദൂതന്മാർ തെളിഞ്ഞ ദൃഷ്ടാന്തങ്ങളുമായി അവരിൽ ചെന്നിട്ടുണ്ടായിരുന്നു. അവരെ ആക്രമിക്കുക അല്ലാഹുവിന്റെ താൽപര്യമായിരുന്നില്ല, പ്രത്യുത അവരെ ആക്രമിച്ചത് അവർ തന്നെയായിരുന്നു.

**71.** സത്യവിശ്വാസികളും വിശ്വാസിനികളും പരസ്പരം സഹായികളും മിത്രങ്ങളുമാകുന്നു. അവർ ധർമം കൽപിക്കുന്നു. അധർമം വിലക്കുന്നു. മുറപ്രകാരം നമസ്കാരം അനുഷ്ഠിക്കുന്നു. സകാത്ത് നൽകുന്നു. അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നു. അവരത്രെ അല്ലാഹുവിന്റെ അനുഗ്രഹ ഭാജനമാകുന്നവർ. അല്ലാഹു അജയ്യനും അഭിജ്ഞനുമല്ലോ.

**72.** സത്യവിശ്വാസികളായ സ്ത്രീപുരുഷന്മാർക്ക് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളത് താഴ്ഭാഗങ്ങളിലൂടെ ആറുകളൊഴുകുന്ന ആരാമങ്ങളാകുന്നു. അവരതിൽ നിത്യവാസികളാകുന്നു. അവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട സ്ഥിരമായ സ്വർഗീയാരാമങ്ങളിൽ പരിശുദ്ധമായ പാർപ്പിടങ്ങളുമുണ്ട്. അല്ലാഹുവിന്റെ പ്രീതിയാകുന്നു സർവോപരി മഹത്തരമായിട്ടുള്ളത്. അതത്രെ മഹാവിജയം.

كَٱلَّذِينَ مِن قَبْلِكُمْ كَانُوٓا۟ أَشَدَّ مِنكُمْ قُوَّةً وَأَكْثَرَ أَمْوَٰلًا وَأَوْلَـٰدًا
فَٱسْتَمْتَعُوا۟ بِخَلَـٰقِهِمْ فَٱسْتَمْتَعْتُم بِخَلَـٰقِكُمْ كَمَا ٱسْتَمْتَعَ ٱلَّذِينَ
مِن قَبْلِكُم بِخَلَـٰقِهِمْ وَخُضْتُمْ كَٱلَّذِى خَاضُوٓا۟ ۚ أُو۟لَـٰٓئِكَ حَبِطَتْ
أَعْمَـٰلُهُمْ فِى ٱلدُّنْيَا وَٱلْـَٔاخِرَةِ ۖ وَأُو۟لَـٰٓئِكَ هُمُ ٱلْخَـٰسِرُونَ ﴿٦٩﴾

أَلَمْ يَأْتِهِمْ نَبَأُ ٱلَّذِينَ مِن قَبْلِهِمْ قَوْمِ نُوحٍ وَعَادٍ وَثَمُودَ وَقَوْمِ إِبْرَٰهِيمَ
وَأَصْحَـٰبِ مَدْيَنَ وَٱلْمُؤْتَفِكَـٰتِ ۚ أَتَتْهُمْ رُسُلُهُم بِٱلْبَيِّنَـٰتِ ۖ فَمَا كَانَ
ٱللَّهُ لِيَظْلِمَهُمْ وَلَـٰكِن كَانُوٓا۟ أَنفُسَهُمْ يَظْلِمُونَ ﴿٧٠﴾

وَٱلْمُؤْمِنُونَ وَٱلْمُؤْمِنَـٰتُ بَعْضُهُمْ أَوْلِيَآءُ بَعْضٍ ۚ يَأْمُرُونَ بِٱلْمَعْرُوفِ
وَيَنْهَوْنَ عَنِ ٱلْمُنكَرِ وَيُقِيمُونَ ٱلصَّلَوٰةَ وَيُؤْتُونَ ٱلزَّكَوٰةَ وَيُطِيعُونَ ٱللَّهَ
وَرَسُولَهُۥٓ ۚ أُو۟لَـٰٓئِكَ سَيَرْحَمُهُمُ ٱللَّهُ ۗ إِنَّ ٱللَّهَ عَزِيزٌ حَكِيمٌ ﴿٧١﴾

وَعَدَ ٱللَّهُ ٱلْمُؤْمِنِينَ وَٱلْمُؤْمِنَـٰتِ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ
خَـٰلِدِينَ فِيهَا وَمَسَـٰكِنَ طَيِّبَةً فِى جَنَّـٰتِ عَدْنٍ ۚ وَرِضْوَٰنٌ مِّنَ ٱللَّهِ
أَكْبَرُ ۚ ذَٰلِكَ هُوَ ٱلْفَوْزُ ٱلْعَظِيمُ ﴿٧٢﴾

كَالَّذِينَ مِن قَبْلِكُمْ = നിങ്ങൾക്കു മുമ്പുള്ളവരെപ്പോലെ (ഉണ്ടായിരുന്ന ചില സമുദായങ്ങളെപ്പോലെയാണ് നിങ്ങളും)

كَانُوٓا = അവർ ആയിരുന്നു أَشَدَّ = ഏറ്റവും കടുപ്പമുള്ളവർ(കൊടിയവർ) مِنكُمْ = നിങ്ങളെക്കാൾ

قُوَّةً = ശക്തിയാൽ وَأَكْثَرَ = ഏറ്റവും പെരുത്തവരും أَمْوَٰلًا = സമ്പത്തിനാൽ وَأَوْلَٰدًا = സന്തതികളാലും

فَاسْتَمْتَعُوا = അവർ സുഖമനുഭവിച്ചു بِخَلَٰقِهِمْ = അവരുടെ വിഹിതംകൊണ്ട്

فَاسْتَمْتَعْتُم = (ഇപ്പോൾ) നിങ്ങൾ സുഖമനുഭവിച്ചു بِخَلَٰقِكُمْ = നിങ്ങളുടെ വിഹിതംകൊണ്ട്

كَمَا اسْتَمْتَعَ الَّذِينَ مِن قَبْلِكُم = നിങ്ങൾക്ക് മുമ്പുള്ളവർ സുഖമനുഭവിച്ചതുപോലെ بِخَلَٰقِهِمْ = അവരുടെ വിഹിതംകൊണ്ട്

وَخُضْتُمْ = നിങ്ങൾ(ഉം) ഏർപ്പെട്ടിരിക്കുന്നു كَالَّذِى خَاضُوٓا = അവർ ഏർപ്പെട്ടതുപോലെ(ഏർപ്പെട്ട വിടുവായത്തങ്ങളിൽ തന്നെ)

أُولَٰٓئِكَ = അക്കൂട്ടർ حَبِطَتْ = നശിച്ചുപോയി أَعْمَٰلُهُمْ = അവരുടെ കർമങ്ങൾ (ഒക്കെയും)

فِى الدُّنْيَا وَالْـَٔاخِرَةِ = ഇഹലോകത്തും പരലോകത്തും وَأُولَٰٓئِكَ هُمُ = അവർ തന്നെയാകുന്നു

الْخَٰسِرُونَ = (യഥാർഥത്തിൽ) എല്ലാം നഷ്ടപ്പെട്ടവർ

أَلَمْ يَأْتِهِمْ = അവർക്കു വന്നിട്ടില്ലയോ (ഇക്കൂട്ടർ അറിഞ്ഞിട്ടില്ലയോ)

نَبَأُ الَّذِينَ مِن قَبْلِهِمْ = അവർക്കു മുമ്പുള്ളവരുടെ വാർത്ത (പൂർവികരുടെ കഥകൾ)

قَوْمِ نُوحٍ = നൂഹിന്റെ ജനതയുടെ(യും) وَعَادٍ وَثَمُودَ = ആദ്-സമൂദ് വർഗങ്ങളുടെയും

وَقَوْمِ إِبْرَٰهِيمَ = ഇബ്റാഹീമിന്റെ ജനതയുടെയും وَأَصْحَٰبِ مَدْيَنَ = മദ്‌യൻകാരു(വാസികളു)ടെയും

وَالْمُؤْتَفِكَٰتِ = കീഴ്മേൽ മറിക്കപ്പെട്ടവയുടെ(പ്രദേശങ്ങളുടെ)യും أَتَتْهُمْ = അവർക്ക് ചെന്നിട്ടുണ്ടായിരുന്നു

رُسُلُهُم = അവ(രിലേക്ക് നിയുക്തരായ)രുടെ ദൈവദൂതന്മാർ بِالْبَيِّنَٰتِ = തെളിവുക(തെളിഞ്ഞ ദൃഷ്ടാന്തങ്ങ)ളുമായി

فَمَا كَانَ اللَّهُ = അല്ലാഹു ആയിട്ടില്ല (അല്ലാഹുവിന്റെ താൽപര്യമല്ല) لِيَظْلِمَهُمْ = അവരെ ആക്രമി(ക്കുക)ക്കാൻ

وَلَٰكِن = പക്ഷേ, പ്രത്യുത كَانُوٓا أَنفُسَهُمْ = അവർ തന്നെയായിരുന്നു يَظْلِمُونَ = അവർ ആക്രമിക്കുന്നു (അവരെ ആക്രമിച്ചത്)

وَالْمُؤْمِنُونَ وَالْمُؤْمِنَٰتُ = വിശ്വാസികളും വിശ്വാസിനികളും

بَعْضُهُمْ أَوْلِيَآءُ بَعْضٍ = അവരിൽ ചിലർ ചിലരുടെ രക്ഷകർ (പരസ്പരം സഹായികളും മിത്രങ്ങളും) ആകുന്നു

يَأْمُرُونَ = അവർ കൽപിക്കുന്നു بِالْمَعْرُوفِ = ധർമം وَيَنْهَوْنَ = അവർ വിലക്കുന്നു عَنِ الْمُنكَرِ = അധർമം

وَيُقِيمُونَ = അവർ മുറപ്രകാരം അനുഷ്ഠിക്കുന്നു الصَّلَوٰةَ = നമസ്കാരം وَيُؤْتُونَ = അവർ നൽകുന്നു الزَّكَوٰةَ = സകാത്ത്

وَيُطِيعُونَ = അവർ അനുസരിക്കുന്നു اللَّهَ وَرَسُولَهُۥٓ = അല്ലാഹുവിനെയും അവന്റെ ദൂതനെയും أُولَٰٓئِكَ = അക്കൂട്ടർ (അത്രെ)

سَيَرْحَمُهُمُ اللَّهُ = തീർച്ചയായും അല്ലാഹു അവർക്ക് കരുണ ചെയ്യും (അല്ലാഹുവിന്റെ അനുഗ്രഹ ഭാജനമാകുന്നവർ)

إِنَّ اللَّهَ عَزِيزٌ = അല്ലാഹു അജയ്യനാകുന്നു حَكِيمٌ = അഭിജ്ഞനായ (അഭിജ്ഞനുമാകുന്നു)

وَعَدَ اللَّهُ = അല്ലാഹു വാഗ്ദത്തം ചെയ്തു(തിട്ടുള്ളത്) الْمُؤْمِنِينَ وَالْمُؤْمِنَٰتِ = വിശ്വാസികൾക്കും വിശ്വാസിനികൾക്കും

جَنَّٰتٍ = ആരാമങ്ങൾ (ആകുന്നു) تَجْرِى = ഒഴുകുന്ന مِن تَحْتِهَا = അതിനുതാഴെ(താഴ്ഭാഗങ്ങളിലൂടെ) الْأَنْهَٰرُ = ആറുകൾ

خَٰلِدِينَ فِيهَا = അവർ അതിൽ നിത്യവാസികളാ(കുന്നു)യ നിലയിൽ وَمَسَٰكِنَ = പാർപ്പിടങ്ങളും (വാഗ്ദാനം ചെയ്തിട്ടുണ്ട്)

طَيِّبَةً = പരിശുദ്ധമായ فِى جَنَّٰتِ عَدْنٍ = അവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട സുസ്ഥിരമായ ആരാമങ്ങളിൽ

وَرِضْوَٰنٌ مِّنَ اللَّهِ = അല്ലാഹുവിങ്കൽനിന്നുള്ള പ്രീതിയാകുന്നു أَكْبَرُ = (സർവോപരി) ഏറ്റവും മഹത്തരം

ذَٰلِكَ هُوَ = അതുതന്നെയാകുന്നു (അതത്രെ) الْفَوْزُ الْعَظِيمُ = മഹാ വിജയം

**69:** متاعൽനിന്ന് ഉത്ഭവിച്ച إستمتع എന്ന ഭൂതകാലക്രിയയുടെ പ്രഥമ-മധ്യമ പുരുഷ ബഹുവചനങ്ങളാണ് اسْتَمْتَعُوا-اسْتَمْتَعْتُم എന്നിവ. متاعന്റെ അർഥം *ഖുർആൻബോധനം* സൂറ *അൽബഖറ* 236-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ട്. خَلق(സൃഷ്ടി)ൽ നിന്നുള്ള മറ്റൊരു പദമാണ് خُلق. സൃഷ്ടിയുടെ ഘടനയെയും രൂപത്തെയും خَلق ഉം സ്വഭാവത്തെയും കഴിവിനെയും خُلقഉം കുറിക്കുന്നു. നൈസർഗികമായ സ്വഭാവപ്രകൃതികളിലൂടെ ആർജിച്ച ഭാഗധേയങ്ങളാണ് خَلاق. ഒരാൾ തന്റെ കഴിവുകളുപയോഗിച്ച് സമ്പാദിച്ചതും പ്രകൃത്യാ ലഭിച്ചതും അയാളുടെ خلاقൽ പെടുന്നു. ആത്യന്തികമായി രണ്ടു നേട്ടവും അല്ലാഹു അവർക്ക് അനുവദിച്ച ഭാഗധേയമാണ്.

സൂക്തത്തിന്റെ താൽപര്യമിതാണ്: സത്യനിഷേധികളും ധർമധിക്കാരികളുമായി വാണതിനാൽ, നശിച്ചുപോയ പൂർവ സമുദായങ്ങളുടെ പാതയാണ് കപടവിശ്വാസികളും പിന്തുടരുന്നത്. അവരെല്ലാം വമ്പിച്ച ശക്തിയും ശൗര്യവും സമ്പൽ സമൃദ്ധിയും സംഖ്യാബലവു

മുള്ളവരായിരുന്നു. പക്ഷേ, ഭോഗത്തിൽ മാത്രമായിരുന്നു അവരുടെ താൽപര്യം. നേട്ടങ്ങളത്രയും അവർ സുഖിക്കാനും രസിക്കാനും മാത്രം ഉപയോഗിച്ചു. ദൈവത്തെയോ ധർമത്തെയോ മാനിച്ചില്ല. തങ്ങൾക്ക് വിടുവർത്തമാനങ്ങൾ പറഞ്ഞ് രസിക്കാനുള്ള കരുക്കളായാണ് ദൈവത്തെയും ധർമശാസനകളെയും അവർ കണ്ടത്. കപടവിശ്വാസികളും ചെയ്തുകൊണ്ടിരിക്കുന്നത് ഇതുതന്നെയാണ്. خاضക്ക് അനാശാസ്യമായ നടപടികളിലേർപ്പെട്ടു എന്നും അർഥമുണ്ട്. അതുകൊണ്ട് وخضتم كما خاضوا എന്ന വാക്കിന്, അവരേർപ്പെട്ട അധർമങ്ങളിൽ നിങ്ങളും ഏർപ്പെട്ടിരിക്കുന്നു എന്നും അർഥമാവാം. ഈ നടപടികൊണ്ട് വലിയ നേട്ടമുണ്ടാകുമെന്നാണ് അവരുടെ പ്രതീക്ഷ. എന്നാൽ അവരുടെ പ്രവർത്തനങ്ങളൊക്കെയും നശിച്ചതാകുന്നു. ഇഹലോകത്തോ പരലോകത്തോ അവർക്ക് ഒരു നേട്ടവും ഉണ്ടാകാൻ പോകുന്നില്ല. വാസ്തവത്തിൽ എല്ലാം നഷ്ടപ്പെട്ടവർ തന്നെയാണ് തങ്ങളെന്ന് പരലോകത്ത് അവർക്ക് ബോധ്യമാകും.

**70:** പ്രാചീനകാലത്ത് വീരശൂര പരാക്രമികളായി വാഴുകയും പിന്നെ ധർമധിക്കാരപരമായ ജീവിതരീതിയുടെ ഫലമായി തകർന്നടിഞ്ഞുപോവുകയും ചെയ്ത ജനതതികളുടെ സ്വഭാവം തന്നെയാണ് എക്കാലത്തെയും ധർമധ്വംസകരും കപടന്മാരും കൈക്കൊള്ളുന്നതെന്നും അതിനാൽ പൂർവികർക്കുണ്ടായ അതേ പരിണതി അവരെ പിന്തുടർന്ന പിൽക്കാലക്കാർക്കും ഉണ്ടാകുമെന്ന് മുൻ സൂക്തത്തിൽ താക്കീത് ചെയ്തിട്ടുണ്ടല്ലോ. അതിൽ സൂചിപ്പിച്ച നശിച്ചുപോയ സമൂഹങ്ങളിൽ ചിലതിനെ ചൂണ്ടിക്കാണിക്കുകയാണ് ഈ സൂക്തം. ഇതിൽ പറഞ്ഞ ജനതകളെക്കുറിച്ചെല്ലാം സൂറ *അൽഅഅ്റാഫിൽ* വിശദമായി പ്രതിപാദിച്ചു കഴിഞ്ഞിട്ടുണ്ട്. ഇറാഖിലും ഫലസ്തീനിലും ഈജിപ്തിലും ഹിജാസിലുമെല്ലാം പ്രബോധനദൗത്യം നിർവഹിച്ചിട്ടുള്ള പ്രവാചകനാണ് ഇബ്റാഹീം(അ). ഇവിടെ ഇബ്റാഹീമിന്റെ ജനത എന്നതുകൊണ്ടുദ്ദേശിച്ചിട്ടുള്ളത് ഇറാഖിലെ നിംറൂദ് രാജാവിനെയും പ്രജകളെയുമാണ്. ഇബ്റാഹീം നബി ആദ്യം പ്രബോധനം ചെയ്ത സമൂഹം അവരായിരുന്നു. നിംറൂദും കൂട്ടരും അദ്ദേഹത്തെ നിഷേധിച്ചതോടൊപ്പം കൊന്നുകളയാൻ തീരുമാനിക്കുകയും ചെയ്തതോടെയാണ് അദ്ദേഹം ഇറാഖ് വിട്ടത്. കീഴ്മേൽ മറിക്കപ്പെട്ടത് (مؤتفكات) കൊണ്ട് വിവക്ഷ സാദോം പ്രദേശമാണ്. ഇന്ന് ചാവുകടലിന്റെ ഭാഗമാണത്. ലൂത്വ് നബി(അ) പ്രബോധനം ചെയ്ത സമൂഹത്തിന്റെ ആവാസ കേന്ദ്രമായിരുന്നു അത്. അല്ലാഹു കീഴ്മേൽ മറിച്ച ഈ പട്ടണ പ്രദേശത്തേക്ക് ചാവുകടൽ വ്യാപിക്കുകയായിരുന്നു.

മുൻചൊന്ന പൂർവികരെല്ലാം നശിപ്പിക്കപ്പെട്ടതിന്റെ ന്യായം വ്യക്തമാക്കുകയാണ് സൂക്തത്തിന്റെ രണ്ടാം ഖണ്ഡം. ഓരോ സമുദായത്തിലും അല്ലാഹു നിയോഗിച്ച പ്രബോധകന്മാർ ചെന്ന് സത്യത്തിലേക്കും ധർമത്തിലേക്കും പ്രബോധനം ചെയ്തിട്ടുണ്ടായിരുന്നു. പക്ഷേ പ്രവാചകന്മാരെ അവർ തള്ളിപ്പറഞ്ഞു. അവർ പ്രബോധനം ചെയ്ത സത്യത്തെയും ധർമത്തെയും ധിക്കരിച്ചു. തങ്ങൾക്ക് തോന്നുന്നതും തങ്ങൾ പ്രവർത്തിക്കുന്നതും എന്താണോ അതുതന്നെയാണ് സത്യവും ധർമവും എന്ന നിലപാടിൽ ഉറച്ചുനിന്നു. അസത്യജഡിലവും അധാർമികവും പാപപങ്കിലവുമായ ജീവിതം ഒടുവിൽ അവരെ അനിവാര്യമായ നാശഗർത്തത്തിലേക്ക് തള്ളിവിട്ടു. ഇപ്പോൾ അറേബ്യയിൽ അവസാനത്തെ ദൈവദൂതൻ ആഗതനായിരിക്കുകയാണ്. ഈ ജനം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വെടിഞ്ഞ് അദ്ദേഹത്തെ അനുഗമിക്കുകയാണെങ്കിൽ തീർച്ചയായും അവർക്ക് ശോഭനമായ ഭാവിയുണ്ട്. മറിച്ച് പരസ്യമായോ പരോക്ഷമായോ അദ്ദേഹത്തെ തള്ളിപ്പറഞ്ഞുകൊണ്ട്, അസത്യത്തിന്റെയും അധർമത്തിന്റെയും മാർഗത്തിലൂടെ തന്നെ മുന്നേറുകയാണെങ്കിൽ പൂർവികർക്ക് സംഭവിച്ച അതേ പതനംതന്നെയാണ് അവരെയും കാത്തിരിക്കുന്നത്.

ജനസമൂഹങ്ങൾ ഇങ്ങനെ ഉന്മൂലനം ചെയ്യപ്പെടുന്നത് അല്ലാഹുവിന്റെ നിർദയത്വംകൊണ്ടോ നിഷ്ഠുരതകൊണ്ടോ അല്ല. മറ്റെല്ലാ പ്രതിഭാസങ്ങൾക്കുമെന്നപോലെ ജനതകളുടെയും ഉത്ഥാനത്തിനും നിലനിൽപിനും പതനത്തിനുമൊക്കെ അല്ലാഹു ഓരോ നിയമങ്ങൾ നിശ്ചയിച്ചിരിക്കുന്നു- അതാണ് പ്രകൃതി. മനുഷ്യസമൂഹങ്ങളുടെ നിലനിൽപിന്റെയും വികാസത്തിന്റെയും ഘടകമായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത് സത്യവും നീതിയും ധർമവും സ്നേഹവും സമാധാനവുമൊക്കെയാണ്. ഈ ഘടകങ്ങൾ ക്ഷയിക്കുന്നതിനനുസരിച്ച് സമൂഹം ക്ഷയിച്ചുകൊണ്ടിരിക്കും. ഈ ഘടകങ്ങൾ ക്ഷയിക്കുമ്പോഴെല്ലാം പുഷ്ടിപ്പെടുത്താനും പ്രചരിപ്പിക്കാനും അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചുകൊണ്ടിരുന്നു. പ്രവാചക പരമ്പര അവസാനിച്ച ശേഷം ആ ചുമതല അവരുടെ ശിഷ്യപരമ്പരകളെ ഏൽപിച്ചു. സത്യത്തിലേക്കും ധർമത്തിലേക്കും തിരിച്ചുവരുന്ന ജനതകൾക്ക് ജീവിതം വീണ്ടെടുക്കാനും നീണാൾ വാഴാനും കഴിയുന്നു. അതിനു തയാറാകാത്തവർ അസത്യത്തിന്റെയും അധർമത്തിന്റെയും പരമകാഷ്ഠയിലെത്തി നശിച്ചുപോകുന്നു. ماكان ليفعل كذا എന്ന പ്രയോഗത്തിന്റെ അർഥം, അയാൾ അങ്ങനെ ചെയ്യുന്നില്ല എന്നു മാത്രമല്ല; അങ്ങനെ ചെയ്യുക അയാളുടെ സ്വഭാവമല്ല, രീതിയല്ല, അയാൾക്ക് ഭൂഷണമല്ല എന്നുകൂടിയാണ്. അതായത്, ജനങ്ങളെ പീഡിപ്പിക്കുക എന്നത് അല്ലാഹുവിന്റെ സ്വഭാവമോ അവനു താൽപര്യമുള്ള സംഗതിയോ അല്ല. ജനങ്ങൾ നാശത്തിന്റെയും നഷ്ടത്തിന്റെയും പാത സ്വയം തെരഞ്ഞെടുക്കുകയും ആ പാതയിലൂടെ സഞ്ചരിച്ച് നാശത്തിലും നഷ്ടത്തിലും ചെന്നെത്തുകയും ചെയ്യുന്നു എന്നതാണ് സംഭവം. നാശത്തിന്റെയും നഷ്ടത്തിന്റെയും വഴികളും രക്ഷയുടെയും നേട്ടത്തിന്റെയും വഴിയും അല്ലാഹു മനുഷ്യനു മുമ്പിൽ തുറന്നുവെച്ചിട്ടുണ്ട്. അവ ചൂണ്ടിക്കാണിക്കാൻ വേദഗ്രന്ഥങ്ങളുമായി പ്രവാചകന്മാരെ അയക്കുകയും ചെയ്തിരിക്കുന്നു. അതൊന്നും കൈക്കൊള്ളാൻ കൂട്ടാക്കാതെ അസത്യത്തിന്റെയും അധർമത്തിന്റെയും വഴിയിലൂടെ മുന്നോട്ടുപോകുന്ന മനുഷ്യൻതന്നെയാണ് അവനെ അക്രമിക്കുകയും തകർക്കുകയും ചെയ്യുന്നത്.

**71,72:** നേരത്തെ 67-ാം സൂക്തത്തിൽ, കപടവിശ്വാസികൾ മുൻകാലക്കാരും പിൽക്കാലക്കാരും എല്ലാം ഒരേഗണത്തിൽ പെട്ടവരാണെന്നും അവരുടെ സ്വഭാവചര്യകൾ ഇന്നിന്നതാണെന്നും പ്രസ്താവിക്കുകയുണ്ടായി. അതേപോലെ സത്യവിശ്വാസികളും ഒരേ ഗണത്തിൽ പെട്ടവരാണെന്നും അവരുടെയും സ്വഭാവചര്യകൾ ഒന്നാണെന്നും വ്യക്തമാക്കുകയാണിവിടെ. സത്യവിശ്വാസികളുടെ സ്വഭാവചര്യകൾ പക്ഷേ കപട വിശ്വാസികളുടേതിന് നേർവിപരീതമായിരിക്കും. 67-ാം സൂക്തത്തിന്റെ വിശദീകരണത്തിൽ അത് വ്യക്തമാക്കിയിട്ടുണ്ട്.

കപടന്മാരെ പറ്റി പറഞ്ഞപ്പോൾ അവർ ഒരേ ഗണത്തിൽ പെട്ടവരാണ് -بعضهم من بعض- എന്നു മാത്രമാണ് പറഞ്ഞത്. വിശ്വാസികളെക്കുറിച്ച് പറയുമ്പോൾ, അവർ പരസ്പരം സഹായികളും മിത്രങ്ങളുമാകുന്നു-بَعْضُهُمْ أَوْلِيَاءُ بَعْضٍ - എന്നാണ് പറയുന്നത്. കപടന്മാരും തുറന്ന നിഷേധികളുമൊന്നും പരസ്പരം സഹായിക്കുകയോ സഹകരിക്കുകയോ ചെയ്യാത്തതുകൊണ്ടല്ല അവരുടെ കാര്യത്തിൽ സഹകരണവും മൈത്രിയും പരാമർശിക്കാതിരുന്നത്. അവരും പരസ്പരം സഹായിക്കുന്നവരും സംരക്ഷിക്കുന്നവരുമാണ്. *അൽഅൻഫാൽ* 73-ാം സൂക്തത്തിൽ وَالَّذِينَ كَفَرُوا بَعْضُهُمْ أَوْلِيَاءُ بَعْضٍ (സത്യനിഷേധികളായവർ പരസ്പരം മിത്രങ്ങളാണ് ) എന്ന് പ്രസ്താവിച്ചിട്ടുണ്ട്. *അൽമാഇദ* 51-ാം സൂക്തത്തിൽ, ഇസ്‌ലാമിനോട് വിദ്വേഷം പുലർത്തുന്ന യഹൂദ-ക്രൈസ്തവ വിഭാഗങ്ങളെക്കുറിച്ചും 'അവർ പരസ്പരം രക്ഷകരും സഹായികളുമാകുന്നു' (بَعْضُهُمْ أَوْلِيَاءُ بَعْضٍ) എന്നു പ്രസ്താവിക്കുന്നുണ്ട്.

നിഷ്കളങ്കമായ ദൈവവിശ്വാസം ഇല്ലാത്തതിനാൽ മുറപ്രകാരമുള്ള നമസ്കാരം കപടന്മാർക്ക് സാധ്യമല്ല. നമസ്കരിക്കുകയാണെങ്കിൽ തന്നെ അരോചകമായ ഒരു പ്രവൃത്തിയിലേർപ്പെടുന്നതുപോലെ മടുപ്പോടും മുഷിപ്പോടും കൂടി മാത്രമേ അവർ നമസ്കരിക്കൂ എന്ന് *അന്നിസാഅ്* 142-ാം സൂക്തത്തിലും ഈ സൂറയിലെ 54-ാം സൂക്തത്തിലും പ്രസ്താവിച്ചിട്ടുണ്ട്. കപടന്മാരുടെ ധനാർത്തിയുടെയും ലോഭത്തിന്റെയും വിപരീത സ്വഭാവമായിട്ടാണ് വിശ്വാസികളുടെ സകാത്ത് പരാമർശിച്ചിരിക്കുന്നത്. കപടന്മാർ അല്ലാഹുവിനെയും അവന്റെ ധർമശാസനകളെയും വിസ്മരിച്ചവരാണെങ്കിൽ, സത്യവിശ്വാസികൾ അല്ലാഹുവിനെ സദാ ഓർക്കുന്നവരും അവന്റെ വിധിവിലക്കുകൾ ശ്രദ്ധാപൂർവം അനുസരിക്കുന്നവരുമാണ്. ധർമപാതയിൽനിന്ന് വ്യതിചലിക്കാത്ത മുത്തഖികളാണ് വിശ്വാസികൾ. കപടന്മാരാവട്ടെ ധർമമാർഗത്തിൽനിന്ന് അകന്നുപോയ ഫാസിഖുകളും. അല്ലാഹുവിനെ സ്മരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന വിശ്വാസികളെ അല്ലാഹു ഒരിക്കലും വിസ്മരിക്കുകയോ അവഗണിക്കുകയോ ചെയ്യുന്നില്ല. സദാ അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും അവരുടെ മേലുണ്ടായിരിക്കും. അവൻ അജയ്യമായ ശക്തികൾക്കുടയവനായതോടൊപ്പംതന്നെ അഗാധ ജ്ഞാനവും യുക്തിദീക്ഷയും ഉള്ളവൻ കൂടിയാണ്. അവന്റെ അജയ്യമായ ശക്തിയും അപരിമേയമായ ഗാംഭീര്യവും, കാരുണ്യവും അനുഗ്രഹവും അർഹിക്കുന്നവർ അവഗണിക്കപ്പെടാനോ കർമഫലം നിഷേധിക്കപ്പെടാനോ കാരണമാവുകയില്ല. ഓരോ വ്യക്തിക്കും അവനർഹിക്കുന്നതു ലഭിക്കുകതന്നെ ചെയ്യും.

കപടവിശ്വാസികൾക്ക് അല്ലാഹു വാഗ്ദത്തം ചെയ്തിരിക്കുന്നത് നരകാഗ്നിയാണെങ്കിൽ സത്യവിശ്വാസികൾക്ക് വാഗ്ദത്തം ചെയ്തിട്ടുള്ളത് താഴ്ഭാഗങ്ങളിലൂടെ ആറുകളൊഴുകുന്ന ആരാമങ്ങളാണ്. എന്നെന്നും നിലനിൽക്കുന്നതും അനശ്വരവുമാണ് ആ ആരാമങ്ങൾ. جَنَّٰتِ عَدۡنٍ (അദ്ൻ തോട്ടങ്ങൾ) എന്നാണ് മൂലവാക്ക്. നിവാസം, സ്ഥിരമായി ഒരിടത്ത് നിലകൊള്ളൽ (إقامة) എന്നാണ് عدنന്റെ ഭാഷാർഥം. ഭൂമിക്കടിയിൽ സ്ഥിരമായി നിലകൊള്ളുന്നത് എന്ന അടിസ്ഥാനത്തിൽ ഖനിജത്തെ معدن എന്നു പറയുന്നു. جَنَّٰتِ عَدۡنٍ എന്നാൽ ഒരിക്കലും നശിക്കാതെ നാൾക്കുനാൾ സൗന്ദര്യവും സമൃദ്ധിയും വർധിച്ചുകൊണ്ടിരിക്കുന്ന ആരാമങ്ങൾ എന്നാണ് താൽപര്യം. ബൈബിൾ ഒരു ഏദൻ തോട്ടം പരാമർശിക്കുന്നുണ്ട്. കർത്താവായ ദൈവം കിഴക്ക് ഏദനിൽ ഒരു തോട്ടമുണ്ടാക്കി എന്നാണ് ആദ്യം പറയുന്നത്. ആ തോട്ടത്തിലാണ് ആദമിനെയും ഹവ്വയെയും പാർപ്പിച്ചതെന്നും തുടർന്ന് പറയുന്നുണ്ട്. 'ഏദൻ തോട്ടം' എന്ന അർഥത്തിലും അറബിഭാഷയിൽ جنّة عدن എന്നുതന്നെയാണ് പറയുക. എന്നാൽ ഇവിടെ പരാമർശിക്കുന്നത് ഏദനിലെ തോട്ടത്തെയല്ല, അനശ്വരമായ സ്വർഗീയാരാമങ്ങളെയാണ്. ഒരുപക്ഷേ ജന്നത്ത് അദ്നിനെ ബൈബിൾ വിവർത്തകർ തെറ്റായി 'ഏദൻ തോട്ടം' എന്ന് തർജമ ചെയ്തതായിരിക്കാം. ഏദനിൽ അങ്ങനെയൊരു തോട്ടമുണ്ടായിരുന്നുവെങ്കിൽ തന്നെ ഇന്നത് നിലനിൽക്കുന്നില്ല. ഇവിടെ സൂചിപ്പിക്കുന്നതാകട്ടെ, നാശമില്ലാത്തതും സ്വർഗസ്ഥർ ശാശ്വതമായി വസിക്കുന്നതുമായ തോട്ടമാണ്. ഈ തോട്ടങ്ങളിൽ അവർക്ക് പാർക്കാൻ വിശുദ്ധമായ പാർപ്പിടങ്ങളൊരുക്കിയിരിക്കും. അതിലെ ഉപകരണങ്ങളും വിഭവങ്ങളുമെല്ലാം സംശുദ്ധമായിരിക്കും. طَيِّبَةً എന്നാണ് മൂലപദം. രൂപം, നിറം, മണം പോലുള്ള ഭൗതികഗുണങ്ങളിലുള്ള ശുദ്ധിയെയും സൗന്ദര്യത്തെയും മാനസികമായ സംതൃപ്തിയെയും ആനന്ദത്തെയും ധ്വനിപ്പിക്കുന്ന പദമാണത്.

ഇപ്പറഞ്ഞ അനുഗ്രഹങ്ങളെയെല്ലാം കവച്ചുവെക്കുന്ന ആത്യന്തികമായ നേട്ടമാണ് അല്ലാഹുവിന്റെ പ്രീതി. ഇവിടെ അല്ലാഹുവിന്റെ പ്രീതി -وَرِضۡوَٰنٞ مِّنَ ٱللَّهِ- കൊണ്ട് ഉദ്ദേശ്യം, അല്ലാഹുവിന്റെ സാന്നിധ്യമാണെന്ന് പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുണ്ട്. സത്യവിശ്വാസം കൈക്കൊള്ളുകയും തിന്മയേക്കാൾ കൂടുതൽ നന്മ പ്രവർത്തിക്കുകയും ചെയ്ത എല്ലാവരിലും അല്ലാഹുവിന്റെ പൊതുവായ പ്രീതിയുണ്ടായിരിക്കും. വിശ്വാസത്തിന്റെ ദാർഢ്യവും നന്മയുടെ തോതും അനുസരിച്ച് സ്വർഗീയ പദവികൾ വിധിക്കുന്നു. ഏറ്റവും മികച്ചവർ ഉന്നത വിതാനങ്ങളിൽ. വിശ്വാസത്തിലും കർമത്തിലും അവരുടെ ഒപ്പമെത്താത്തവർ താഴെയുള്ള പടികളിൽ. ചിലർക്ക് മറ്റുള്ളവരേക്കാൾ കൂടുതലായി ആരാമങ്ങളും ഭവനങ്ങളുമുണ്ടാവാം. എല്ലാം നിശ്ചയിക്കുന്നത് വിശ്വാസത്തിന്റെയും കർമത്തിന്റെയും ഗുണമാണ്. നബി(സ) പ്രസ്താവിച്ചതായി ഇബ്നു അബീഹാതിം ഉദ്ധരിച്ച ഒരു നിവേദനത്തിൽ ഇങ്ങനെ കാണാം: "സ്വർഗം നൂറു തട്ടാണ്. ഒന്നാമത്തേത് വെള്ളിയാലുള്ളത്. അതിന്റെ നിലവും അതിലെ ഭവനങ്ങളും പാത്രങ്ങളും മണ്ണുമെല്ലാം വെള്ളിമയമാകുന്നു. രണ്ടാം തട്ട് സ്വർണത്താലുള്ളതാണ്. അതിന്റെ തറയും അതിലെ ഭവനങ്ങളും പാത്രങ്ങളുമെല്ലാം സ്വർണമയം. അതിന്റെ മണ്ണ് കസ്തൂരിമയം. മൂന്നാം തട്ട് മുത്തുകളാലുള്ളത്. അതിന്റെ തറയും പാത്രങ്ങളും മുത്തിനാലുള്ളത്. മണ്ണ് കസ്തൂരിമയം. ബാക്കി തൊണ്ണൂറ്റി ഏഴ് സ്വർഗങ്ങളുടെ വിശേഷം ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു ചെവിയും കേട്ടിട്ടില്ലാത്തതും ഒരു മനുഷ്യ മനസ്സും സങ്കൽപിച്ചിട്ടില്ലാത്തതുമാകുന്നു."

ഇതിനെക്കാളെല്ലാം മഹത്തരമാണ് അല്ലാഹുവിന്റെ സാന്നിധ്യം -معيّة- എന്ന അനുഗ്രഹം. അല്ലാഹുവിനെ കാണുക അഥവാ അവന്റെ യാഥാർഥ്യം അനുഭവിച്ചറിയുക എന്നതിനേക്കാൾ വലിയ ഒരാനന്ദവും സൗഭാഗ്യവും മനുഷ്യജീവിതത്തിനു ലഭിക്കാനില്ല. സ്വർഗത്തിലെ കനക സൗധങ്ങളും രത്നഭാജനങ്ങളും ഹൂറികളുമെല്ലാം അതിന്റെ മുന്നിൽ നിസ്സാരമാകുന്നു. നബി(സ) പ്രസ്താവിച്ചതായി അബൂഹാതിം ഉദ്ധരിക്കുന്നു: "സ്വർഗസ്ഥരുടെ സകലമാന സ്വർഗീയാനുഗ്രഹങ്ങളേക്കാളും ശ്രേഷ്ഠമായ അനുഗ്രഹം അല്ലാഹുവിന്റെ പ്രീതി തന്നെയാകുന്നു." പ്രവാചകൻ പ്രസ്താവിച്ചതായി ബുഖാരിയും മുസ്‌ലിമും അബൂസഈദിൽനിന്ന് ഉദ്ധരിക്കുന്നു: അല്ലാഹു സ്വർഗവാസികളെ വിളിക്കും: "അല്ലയോ സ്വർഗവാസികളേ!" അവർ വിളികേൾക്കും: "ലബ്ബൈക്ക യാ റബ്ബനാ വ സഅ്ദൈക് വൽഖൈറു ഫീയദിക്" (ഞങ്ങൾ തിരുമുന്നിലിതാ സവിനയം ഹാജരായിരിക്കുന്നു. സൗഭാഗ്യമത്രയും നിന്റെ ഹസ്തത്തിലത്രെ). അവൻ ചോദിക്കും: "നിങ്ങൾക്ക് തൃപ്തിയായോ?" അവർ പറയും: "ഞങ്ങൾ എന്തിന് തൃപ്തിപ്പെടാതിരിക്കണം. നിന്റെ സൃഷ്ടികളിൽ മറ്റാർക്കും നൽകിയിട്ടില്ലാത്തത് ഞങ്ങൾക്ക് നൽകിയിട്ടുണ്ടല്ലോ." അല്ലാഹു പറയും: "അതിനേക്കാളെല്ലാം വിശിഷ്ടമായ ഒന്ന് നിങ്ങൾക്ക് തരട്ടെയോ?" അവർ: "അതിനേക്കാളെല്ലാം വിശിഷ്ടമായതെന്താണുള്ളത് നാഥാ?" അല്ലാഹു: "ഞാനെന്റെ പ്രീതി നിങ്ങളുടെ മേൽ ചൊരിയുന്നു. ഇനി ഒരുകാലത്തും ഞാൻ നിങ്ങളോട് അപ്രീതനാകുന്നതല്ല."

'അതത്രെ മഹാവിജയം' (ذَٰلِكَ هُوَ ٱلۡفَوۡزُ ٱلۡعَظِيمُ) എന്ന വാക്യത്തിന് രണ്ടു താൽപര്യമാകാം. ഒന്ന്, മേൽപറഞ്ഞ സ്വർഗീയാരാമങ്ങളും അതിലെ മനോഹര ഹർമ്യങ്ങളും സർവോപരി അല്ലാഹുവിന്റെ സാന്നിധ്യവും നേടുകയാണ് മഹാവിജയം. ഇവിടെ പറഞ്ഞതിൽ ഏതെങ്കിലും ഒന്ന് നേടുന്നതുതന്നെ മഹാവിജയമാണ്. സ്വർഗീയാരാമം നേടുന്നത് ഒരു മഹാവിജയം. അതിലും മഹത്തായ വിജയമാണ് അതിലെ വിശുദ്ധ ഭവനങ്ങൾ നേടുന്നത്. അല്ലാഹുവിന്റെ സ്നേഹ സാന്നിധ്യവും കൂടി നേടുമ്പോൾ വിജയത്തിന്റെ മഹത്വം പരമകാഷ്ഠയിലെത്തുന്നു. രണ്ട്, മേൽപറഞ്ഞ സർഗീയ നേട്ടങ്ങളേക്കാൾ മഹത്തായ നേട്ടമാണ് അല്ലാഹുവിന്റെ പ്രീതി അഥവാ സാന്നിധ്യം ലഭിക്കുക എന്നത്. അപഗ്രഥിച്ചു നോക്കിയാൽ രണ്ട് വ്യാഖ്യാനവും തമ്മിൽ കാതലായ മാറ്റമില്ല. ■